# പെരുന്നാൾ വിശേഷം

**അസീസ് പട്ടാമ്പി**

വരവായ് വീണ്ടും ഈദിൻ പൊന്നൊളി
ഉയരുന്നൂ തക്ബീർ ധ്വനികൾ
വരവേൽക്കുക നാമുത്സാഹത്താൽ
വരുവിൻ, ഈദിനെയെതിരേൽപാൻ.
വരവായ് വീണ്ടും ഈദിൻ പരിമള-
മെങ്ങും ചിരിയുടെ പൂക്കാലം.
വരവേൽക്കുക നാമാഹ്ലാദത്താൽ
വരുവിൻ ഈദിനെയെതിരേൽപിൻ.
നിരനിരയായ് പുതുവസ്ത്രമണിഞ്ഞും
മധുരം ചുണ്ടുകളിൽ ചേർത്തും
മൈലാഞ്ചിക്കൈകൊട്ടിപ്പാടീ
ഈദിനു സ്വാഗതമോതിടുവിൻ.
നിറയാതുള്ളൊരു വയറും കാണരു
തിന്നേദിവസം ലോകത്ത്
ചിരിതൂകാത്തൊരു മുഖവും കാണരു-
തിന്നേദിവസം ലോകത്ത്.





## പഠന ശാഖകൾ

| | |
|---|---|
| നിഡോളജി | - പക്ഷിക്കൂട് |
| ഡക്കൈലോളജി | - വിരലടയാളം |
| ഇതോളജി | - ജന്തു സ്വഭാവം |
| ട്രൈക്കോളജി | - മുടികൾ |
| ട്രമറ്റോളജി | - മുറിവുകൾ |
| ഡയലക്ടോളജി | - സംസാരപഠനം |

**ദേശീയ വനിതാകമീഷന്റെ പ്രഥമ അധ്യക്ഷ – ജയന്തി പട്നായിക്**